(എച്ച്) 31-12-2000-ൽ ഏകദേശം 38.63 കോടി രൂപയുടെ തോട്ടണ്ടിയും 51.61 കോടി രൂപയുടെ കശുവണ്ടിപ്പരിപ്പും സ്റ്റോക്കുണ്ടായിരുന്നു. മൊത്തം 90.24 കോടി രൂപയുടെ ഉല്പന്നങ്ങൾ സ്റ്റോക്കുണ്ട്.

കെൽട്രോണിലെ വോളന്ററി റിട്ടയർമെന്റ് സ്കീം

78 (578) ശ്രീ.പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിൽ വോളന്ററി റിട്ടയർമെന്റ് സ്കീം, എന്നുമുതലാണ് നടപ്പിലാക്കിയത് ;

(ബി) ഈ സ്കീം അനുസരിച്ച് എത്ര പേരാണ് പിരിഞ്ഞുപോയത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പിരിഞ്ഞുപോയ എത്ര പേർക്ക് ഇതുവരെ റിട്ടയർമെന്റ് ബെനിഫിറ്റ് നൽകിയിട്ടുണ്ട് ;

(ഡി) എന്തു തുകയാണ് ഇതുവരെ നൽകിയത്. ഇനി എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) പിരിഞ്ഞു പോയവർക്ക് 2001 ഫെബ്രുവരി 28-ന് മുമ്പുതന്നെ ഈ ബെനിഫിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12-10-2000 മുതൽ

(ബി) 623 ജീവനക്കാർ

(സി) 445 ജീവനക്കാർക്ക് റിട്ടയർമെന്റ് ബെനിഫിറ്റ് നൽകിയിട്ടുണ്ട്.

(ഡി&ഇ) 514 പേർക്കായി 18 കോടി രൂപ കൊടുത്തു ശേഷിക്കുന്നവർക്കു കൂടിയുള്ള ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള തുകയ്ക്കുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിന്റെ ചെക്കുകൾ ക്ലിയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മൈലത്ത് തുടങ്ങുന്ന വ്യവസായം

79 (586) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ മൈലത്ത് സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ എന്തു വ്യവസായം തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ഇവിടെ വ്യവസായം തുടങ്ങുന്നതിന് കേന്ദ്രസഹായം എന്തെങ്കിലും വാഗ്ദാനം ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്തു തുക ;

(സി) വ്യവസായം തുടങ്ങുന്നതിന് ഏതെങ്കിലും ഏജൻസികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ ഏതു ഏജൻസിയെന്നും എന്തു വ്യവസായമെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്നു മുതൽ പ്രസ്തുത വ്യവസായം തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൈലത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച നിർദ്ദേശത്തിന്റെ ഭാഗമായി കഴിഞ്ഞ ഡിസംബറിൽ ഒരു ബയോടെക്നോളജി ഇൻവെസ്റ്റേഴ്സ് മീറ്റ് തിരുവനന്തപുരത്ത് നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി കേരളത്തിൽ മൈലത്തും കളമശ്ശേരിയിലും ബയോടെക്പാർക്കുകൾ കേന്ദ്ര സഹായത്തോടെ തുടങ്ങുന്നതിനുള്ള വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ടും ബിസിനസ്സ് പ്ലാനും തയ്യാറാക്കുന്നതിനുള്ള ചുമതല ബയോടെക്നോളജി കൺസോർഷ്യം ഇൻഡ്യാ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. ഈ സാധ്യതാ റിപ്പോർട്ടിന്റെ ശുപാർശകളെ ആശ്രയിച്ചായിരിക്കും മേൽ നടപടികൾ സ്വീകരിക്കുക.

(ബി) കേന്ദ്ര സഹായമൊന്നും ഇതുവരെ വാഗ്ദാനം ചെയ്തിട്ടില്ല.

(സി & ഡി) മുകളിൽ 'എ' പിരിവിനുള്ള ഉത്തരം ശ്രദ്ധിച്ചാലും.

സ്വയം തൊഴിൽ പദ്ധതികൾക്ക് വായ്പ നൽകുന്നതിനായി നടപടി

80 (588) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) ജില്ലാ വ്യവസായ കേന്ദ്രത്തിൽ പി.എം.ആർ.വൈ. സ്കീമിൽ സ്വയം തൊഴിൽ പദ്ധതിക്കായി അപേക്ഷിക്കുകയും വ്യവസായ കേന്ദ്രം നടത്തുന്ന കൂടിക്കാഴ്ചയിൽ വിജയിക്കുകയും ചെയ്ത അപേക്ഷകരെയെല്ലാം വായ്പ നൽകുന്നതിനായി ബാങ്കുകൾ പരിഗണിക്കാറില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൃത്യമായി പ്രോജക്ട് സമർപ്പിച്ചു കൂടിക്കാഴ്ചയിൽ വിജയിച്ച തൊഴിൽരഹിതരെ ബാങ്കുകൾ തള്ളിക്കളയുന്നതിൽ ഗവൺമെന്റിന് എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ കഴിയുമോ ;

(സി) പി.എം.ആർ.വൈ.സ്കീമിൽ സ്വയം തൊഴിലിന് അപേക്ഷിക്കുകയും കൂടി കാഴ്ചയിൽ വിജയിക്കുകയും ചെയ്യുന്ന മുഴുവൻ അപേക്ഷകൾക്കും ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുന്നത് ഉറപ്പു വരുത്തുന്നതിന് സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തുവാൻ നടപടികളെടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ ബാങ്കുകൾക്ക് നിശ്ചയിച്ചിരിക്കുന്ന ടാർജറ്റിന്റെ 125% അപേക്ഷകളാണ് പി.എം.ആർ.വൈ. ടാസ്ക് ഫോഴ്സ് കമ്മിറ്റി വിവിധ ബാങ്കുകളിലേക്ക് ശുപാർശ ചെയ്യുന്നത്. ഇതിൽ നിന്നും ബാങ്ക് അർഹതപ്പെട്ട വർക്ക് ടാർജറ്റിനു വിധേയമായി വായ്പ നൽകി വരുന്നു. ആയതിനാൽ നിർദ്ദിഷ്ഠ 100% അപേക്ഷകർക്ക് മാത്രമേ വായ്പ നൽകാൻ സാദ്ധ്യതയുള്ളു. ബാക്കിവരുന്നു 25% അപേക്ഷകർക്ക് വായ്പ ലഭിക്കുവാൻ സാദ്ധ്യതയില്ല. ഇക്കാര്യത്തിൽ ബാങ്കുകളെ നിർബ്ബന്ധിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly